**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2528** **15-10-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് മീറ്റർ പദ്ധതി നടത്തിപ്പിൽ ടോട്ടക്സ് മോഡലിൽ പദ്ധതി നടപ്പിലാക്കാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക ശരാശരി എത്ര രൂപയാണെന്നും ടോട്ടക്സ് മോഡലിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള ടെണ്ടർ വഴി ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് ശരാശരി ഒരു സ്മാർട്ട് മീറ്ററിന് എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യ ഘട്ടമായി 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ 01-04-2023ന് ടെണ്ടർ ചെയ്തിരുന്നു. 15-05-2023ന് ടെണ്ടർ തുറന്നപ്പോൾ ഏറ്റവും കുറഞ്ഞ ബിഡ് PACയുടെ 44.8% മുകളിൽ (3475 കോടി രൂപയുടേത്) ആയിരുന്നു. ഇത് പ്രകാരം വിവിധ തരം മീറ്ററുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി കുറവ് വരുത്തിയതിന് ശേഷമുള്ള വില താഴെ കൊടുക്കുന്നു.<br><br>1. സിംഗിൾ ഫേസ് സ്മാർട്ട് മീറ്റർ - 7401.87 രൂപ<br>2. ത്രീ ഫേസ് സ്മാർട്ട് മീറ്റർ - 9680.37 രൂപ<br>3. ത്രീ ഫേസ് എൽ.ടി സി.ടി സ്മാർട്ട് മീറ്റർ – 26,319/- രൂപ<br>4. ത്രീ ഫേസ് സി.ടി പി.ടി സ്മാർട്ട് മീറ്റർ (എച്ച്.ടി ഉപഭോക്താക്കൾക്ക് ) - 26,671.47 രൂപ<br>5. ത്രീ ഫേസ് എൽ.ടി സി.ടി സ്മാർട്ട് മീറ്റർ (ട്രാൻസ്ഫോർമർ മീറ്റർ) - 26,319/- രൂപ<br>6. ത്രീ ഫേസ് സി.ടി പി.ടി സ്മാർട്ട് മീറ്റർ (ഫീഡർ ബൗണ്ടറി മീറ്റർ) - 26,802.60 രൂപ |
| (ബി) | ക്യാപ്പക്സ് മോഡലിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വിളിച്ച ടെണ്ടർ തുകയുടെ അടങ്കൽ പ്രകാരം എസ്റ്റിമേറ്റ് തുക ഒരു സ്മാർട്ട് മീറ്ററിന് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കാപ്പക്സ് അടിസ്ഥാനത്തിൽ ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ടോട്ടക്സ് പദ്ധതിയിൽ നിന്ന് വിഭിന്നമായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 2 പാക്കേജ് ആയാണ് നടപ്പിലാക്കുന്നത്. പാക്കേജ്-1 സ്മാർട്ട് മീറ്റർ ആശയവിനിമയ ശൃംഖലയും അനുബന്ധ സോഫ്റ്റ്‌വെയറും പാക്കേജ്-2 MDMS സോഫ്റ്റ്‌വെയർ, ഇന്റഗ്രേഷൻ എന്നിവയും ആണ്. മൂന്നാമത്തെ പാക്കേജായി ഡാറ്റാ സെന്ററിന്റെ നവീകരണവും നടപ്പാക്കും. ഡാറ്റാ സെന്റർ |

| | | | |
|---|---|---|---|
| | | | നവീകരണത്തിന് ആർ.ഡി.എസ്.എസ് പദ്ധതി പ്രകാരം 60% ഗ്രാന്റ് ലഭിക്കും. ടോട്ടക്സ് പദ്ധതിയിൽ മീറ്റർ സ്ഥാപിക്കുന്നത് കരാറുകാരനാണെങ്കിൽ ബദൽ മാതൃകയിൽ കെ.എസ്.ഇ.ബി.എൽ ആണ് മീറ്റർ സ്ഥാപിക്കുക. ഈ രീതിയിൽ വിഭജിച്ച് ചെലവ് കുറച്ച് നടപ്പിലാക്കുന്നതിനാൽ നേരിട്ടുള്ള വില താരതമ്യം പ്രായോഗികമല്ല. എസ്റ്റിമേറ്റ് പ്രകാരം വിവിധ മീറ്ററുകൾക്ക് ടാക്സ് കൂടാതെയുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.<br><br>1. സിംഗിൾ ഫേസ് സ്മാർട്ട് മീറ്റർ - 3,500/- രൂപ<br>2. ത്രീ ഫേസ് സ്മാർട്ട് മീറ്റർ - 4,000/- രൂപ<br>3. ത്രീ ഫേസ് എൽ.ടി സി.ടി സ്മാർട്ട് മീറ്റർ - 5,000/- രൂപ<br>4. ത്രീ ഫേസ് സി.ടി പി.ടി സ്മാർട്ട് മീറ്റർ (എച്ച്.ടി ഉപഭോക്താക്കൾക്ക് )- 9,000/- രൂപ<br>5. ത്രീ ഫേസ് എൽ.ടി സി.ടി സ്മാർട്ട് മീറ്റർ (ട്രാൻസ്ഫോർമർ മീറ്റർ) – 10,000/- രൂപ<br>6. ത്രീ ഫേസ് സി.ടി പി.ടി സ്മാർട്ട് മീറ്റർ (ഫീഡർ ബൗണ്ടറി മീറ്റർ) – 15,000/- രൂപ |
| (സി) | ക്യാപ്പക്സ് മോഡൽ എസ്റ്റിമേറ്റ് തുക ടോട്ടക്സ് മോഡലിന്റതിനേക്കാൾ ഉയർന്നതാകാനുള്ള കാരണം വിശദീകരിക്കുമോ? | (സി) | ആദ്യ ഘട്ടത്തിൽ സ്ഥാപിക്കുന്ന സ്മാർട്ട് മീറ്ററുകൾ ഭൂരിഭാഗവും സങ്കീർണ്ണമായ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വില കൂടിയ സിസ്റ്റം മീറ്ററുകളാണ്. വ്യത്യസ്ത വിഭാഗം മീറ്ററുകളെ അവയുടെ വില സഹിതം താരതമ്യം ചെയ്യുമ്പോൾ കാപ്പക്സ് മോഡൽ എസ്റ്റിമേറ്റ് തുക ടോട്ടക്സ് മോഡലിനേക്കാൾ കുറവാണ്. |

സെക്ഷൻ ഓഫീസർ